## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1377

22.03..2013- ലെ
മറുപടിക്ക്.

## 2012-13 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**
ശ്രീമതി.കെ.എസ്.സലീഖ

**ഉത്തരം.**
ശ്രീ.കെ.സി.ജോസഫ്.
(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.)

(എ) 2012-13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര ;

(എ) 2012-13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2176.60 കോടി രൂപ അനുവദിച്ചു.

(ബി) ആയതിൽ 2013 ഫെബ്രുവരി 28 വരെ എത്ര തുക ചെലവഴിച്ചു ;

(ബി) 2013 ഫെബ്രുവരി 28 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 1006.34 കോടി രൂപ (46%) ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു വർഷം ചെലവഴിക്കേണ്ട തുകയിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കാൻ ബാക്കിയുള്ള തുക എത്ര ; ലഭിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) 2013 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 792.51 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി ലഭിക്കേണ്ട തുക നടപ്പ് സാമ്പത്തിക വർഷത്തിന് ശേഷം മാത്രമേ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

(ഡി) കേന്ദ്രം അനുവദിച്ചതിൽ ദേശീയ തൊഴിലുറപ്പു പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്കായി ഉപയോഗിക്കേണ്ട തുകയിൽ എത്ര തുക 2013 ഫെബ്രുവരി 28 വരെ ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(ഡി)

| പദ്ധതി | സെൻട്രൽ റിലീസ് | ചെലവഴിച്ചത് 28.02.2013 വരെ (താൽക്കാലികം) |
|---|---|---|
| | (തുക കോടിയിൽ) | |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 1265.12 | 1019.08 |
| ഇന്ദിരാ ആവാസ് യോജന | 108.65 | 114.02 |
| പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി | -- (ഒ.ബി 175.68) | 45.82 |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിൽ കേന്ദ്ര ഫണ്ട് അനുവദിക്കുന്നത് യഥാസമയം ചെലവാകാതിരിക്കുന്നതിനാൽ സഹായങ്ങൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | കേന്ദ്ര സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും കേന്ദ്രാവിഷ്കരണ പദ്ധതികളുടെ എണ്ണവും തുകയും വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എഫ്) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണത്തിൽ ഏറ്റക്കുറവ് കാണുന്നുണ്ടെങ്കിലും അടങ്കൽ തുകയിൽ ഗണ്യമായ വർദ്ധനവാണ് കാണുന്നത്. കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ പുനരൂപീകരിക്കുന്നതിനും മാനദണ്ഡങ്ങളിൽ ഇളവ് നല്കുന്നതിനും ആവശ്യമായ ശുപാർശകൾ സി.കെ.ചതുർവേദി കമ്മിറ്റി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

Bijumon

സെക്ഷൻ ഓഫീസർ